# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 6 : ജൂൺ 2013**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


***ധർമ്മ വാണി***

*ധർമ്മ ധർമ്മ തൊ സബ് കഹെ,*
*പർ സമഝെ ന കോയ്,*
*നിർമ്മൽ മൻ കാ ആചരൺ,*
*സത്യ ധർമ്മ ഹൈ സോയ്.*

ധർമ്മം ധർമ്മം പറയുമെല്ലാരും,
ധർമ്മം അറിയുന്നില്ലാരും,
നിർമ്മല മനസ്സിന്നാചരണം,
സത്യ ധർമ്മമിതാണല്ലോ.

— **എസ. എൻ. ഗോയങ്ക**

## സത്യത്തിന്റെ സമ്പൂർണ്ണമായ ദർശനം

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 41 ാം ഭാഗം)*

ധർമ്മത്തിന്റെ ദർശനം ചെയ്യണം. ധർമ്മത്തിന്റെ ദർശനം സ്വയം ചെയ്യുമ്പോൾ ധർമ്മം മനസ്സിലാകും. സത്യത്തിന്റെ ദർശനം സ്വയം ചെയ്യുമ്പോൾ സത്യം മനസ്സിലാകും കൂടാതെ ദർശനവും ഏകാംഗിക ദർശനമല്ല. ഏകാന്ത ദർശനമല്ല, അനേകാന്ത ദർശനം. അനേക കോണിലൂടെ, അനേക ദൃഷ്ടികോണിലൂടെ – അനേക ദിശകളിലൂടെ ഏതെങ്കിലും സത്യത്തെ നോക്കിയാൽ അതിന്റെ സർവ്വാംഗ സ്വരൂപം നമ്മുടെ മുന്നിൽ വരുന്നു. സത്യത്തിന്റെ സർവ്വാംഗം നമ്മുടെ മുന്നിൽ വരുമ്പോൾ സത്യം മനസ്സിലാകും. ഒരു ഭാഗത്തു മാത്രം നോക്കുകയാണ്, ഏകാന്ത ദൃഷ്ടിയിലൂടെ നോക്കുകയാണെങ്കിൽ അപൂർണ്ണ സത്യമായിരിക്കും നമ്മുടെ മുന്നിൽ വരുന്നത്. അപൂർണ്ണ സത്യം വളരെ ഭ്രമിപ്പിക്കുന്നതാണ്. വളരെ വിഭ്രാന്തികൾ ജനിപ്പിക്കുന്നതാണ്. സമ്പൂർണ്ണ സത്യം, സത്യത്തിന്റെ സമ്പൂർണ്ണതയുടെ ദർശനം അനേക ദൃഷ്ടികളിലൂടെ ചെയ്യുകയാണെങ്കിൽ – വിപശ്യന ചെയ്യുന്നത് ഇതിനാണ് എന്തെന്നാൽ അനേക ദൃഷ്ടികളൂടെ സത്യത്തിന്റെ ദർശനം ആകാൻ തുടങ്ങണം.

പുറമെ ഒരു സംഭവം സംഭവിച്ചു. അതിനെ നോക്കിക്കൊണ്ട് നമ്മൾ പറഞ്ഞു നമ്മൾ പൂർണ്ണതരത്തിൽ ഈ സംഭവത്തെ അറിഞ്ഞു. ഈ സംഭവത്തിനെപ്പറ്റി അറിഞ്ഞു. ഇപ്പോൾ പൂർണ്ണ രൂപത്തിൽ അറിഞ്ഞില്ല. ഏകാംഗദൃഷ്ടിയാണ്. ഒരേഒരു ദൃഷ്ടികോണിലൂടെയാണ് നോക്കുന്നത്. അനേക ദൃഷ്ടികളുണ്ടാകണം. ഒരു ഉദാഹരണം – ജന്മനാ അന്ധരായ അഞ്ചു പേരെ ഒരു ആനയുടെ അടുത്തു കൊണ്ടു വന്നു നിറുത്തി. ഈ ആന എങ്ങനെയാണ് പറയുക. ജന്മനാ അന്ധരാണ്, ആന എങ്ങനെയാണ് എന്ന് പാവങ്ങൾ എങ്ങനെ പറയാനാണ്? ഒരാളുടെ കൈയ്യിൽ ആനയുടെ കാൽ വന്നു. അവൻ അതിനെ തലോടി തലോടി നോക്കുന്നു. കൈയ്യാൽ തലോടുകയാണ് – പറയുകയാണ് ആന തൂണുപോലെയാണ്. അവന് ആന തൂണുപോലെയാണ്. മറ്റൊരാളുടെ കൈയ്യിൽ ആനയുടെ വാൽ വന്നു. അതിനെ തലോടി നോക്കുന്നു. അയ്യോ, ഇല്ല ഇത് ചൂലിനെപ്പോലെയാണ്, ഇത് ബ്രഷിനെ പ്പോലെയാണ്. മൂന്നാമത്തെയാളുടെ കൈയ്യിൽ ആനയുടെ കൊമ്പ് വന്നു, അതിനെ തലോടി പറയുകയാണ്, അയ്യോ, ഇത് വാൾ പോലെയാണ്. ഇപ്രകാരം അഞ്ചു പേരും ആനയുടെ അഞ്ച് അംഗം തലോടി നോക്കിയിട്ട് അതിന്റെ വർണ്ണനം ചെയ്തു.

സ്വന്തം വീഷണത്തിൽ ശരിയാണ്. എന്നാൽ അത് സർവ്വാംഗ ദൃഷ്ടികോണല്ല, സർവ്വാംഗ സത്യമല്ല, പൂർണ്ണ സത്യമല്ല, ആംശിക സത്യമാണ്. ആംശിക സത്യമാണെങ്കിൽ ശരിയായ സത്യത്തിൽ നിന്നും വളരെ ദൂരെയാണ്. ഭ്രമം ജനിപ്പിക്കും.

ഒരു ദൃഷ്ടി ഇതാണ് – വെളിയിൽ എന്തെങ്കിലും സംഭവിച്ചു. ഇത് ഒരു ദൃഷ്ടി. കൂടാതെ ആ സംഭവം വെളിയിൽ സംഭവിച്ചപ്പോൾ ഉള്ളിൽ എന്താണ് നടക്കാൻ തുടങ്ങിയത്. അതിന് ഉള്ളിൽ എത്തി നോക്കുന്നു. വിപശ്യന ഇതു തന്നെയാണ് ചെയ്യിക്കുന്നത്. ദൃഷ്ടി –. ആ ഏകാന്ത ദൃഷ്ടി ഇപ്പോൾ രണ്ടായി. ഉള്ളിൽ എന്താണ് സംഭവിക്കാൻ തുടങ്ങിയത്?

ഇതേ തരത്തിൽ ആരെങ്കിലും പുറത്തു നോക്കി – ഒരു വ്യക്തി നമ്മളെ അസഭ്യം പറയുകയാണ്, അത് ഒരു കാര്യം. എന്റെ ഉള്ളിൽ എന്താണ് സംഭവിക്കാൻ തുടങ്ങിയത്? ഇത് അടുത്ത സത്യം. മാത്രമല്ല വിപശ്യനയിൽ മുന്നേറുക യാണെങ്കിൽ ആ വ്യക്തിയുടെ ഉള്ളിൽ

സമാഹിതമാകും, അവന് എന്താണ് അനുഭവമാകുന്നത്? എന്റെ ഉള്ളിൽ എനിക്ക് എന്താണ് അനുഭവമാകുന്നത്? അവന്റെ ഉള്ളിൽ അവന് എന്താണ് അനുഭവമാകുന്നത്? അനേകാംശമായപ്പോയാൽ, സമ്പൂർണ്ണ സത്യം മുന്നിൽ വരാൻ തുടങ്ങും.

കേവലം ഒരു ദൃഷ്ടിയാൽ നോക്കുക യാണെങ്കിൽ – അവൻ എന്നെ അസഭ്യം പറഞ്ഞു. അവൻ എന്നെ അപമാനിച്ചു. അതിനാൽ അവൻ ഇങ്ങനെ. അടുത്ത ദർശനം വരുകയാണെങ്കിൽ ഉള്ളിൽ നോക്കുന്നു – അവൻ എന്നെ അസഭ്യം പറഞ്ഞു, എന്നാൽ ഞാൻ വികാരം ഉണർത്തി, വികാരം ഉണർത്തിയതിനാൽ നോക്കൂ, ഞാൻ വ്യാകുലനായി. വികാരമുണർത്തിയപ്പോൾ വ്യാകുല നായി. മറ്റുള്ള ദർശനവും വന്നു. ഈ വ്യക്തി, അസഭ്യം പറഞ്ഞ വ്യക്തി, അവന്റെ ഉള്ളിൽ എന്താണ് നടക്കുന്നത് – അവൻ വികാരം ഉണർത്തുകയല്ലെ? വികാരം ഉണർത്താതെ ആർക്കും അസഭ്യം പറയാനെ സാധ്യമല്ല. ക്രോധം ഉണർത്തുകയാണ്, ദ്വേഷം ഉണർത്തുകയാണ്, ദുർഭാവന ഉണർത്തുകയാണ്. വീണ്ടും ദ്വേഷം ഉണർത്തുകയാണ്, ദുർഭാവന, ക്രോധം ഉണർത്തുകയാണ് – അപ്പോൾ വ്യാകുലത ഉണർ ത്തുകയാണ്. അയ്യോ, വളരെ വ്യാകുലനാണ്, ജ്വലിച്ചുകൊണ്ടിരിക്കുകയാണ്.

അതിനാൽ വിപശ്യനയിൽ മുന്നേറിയാൽ ആരെങ്കിലും ഇപ്രകാരം വ്യാകുല വ്യക്തിയെ നോക്കി, രോഗിയായ വ്യക്തിയെ നോക്കി തിരിച്ച് അവനെ അസഭ്യം പറയില്ല. അസഭ്യം പറയാൻ എങ്ങനെ തോന്നും? രോഗിയാണ്, ദുഃഖിതനാണ്, ജ്വലിക്കുകയാണ്. അവന് ബോധമില്ല. അമ്മയുടെ ഒരു കുട്ടിയെപ്പോലെ – വളരെ രോഗിയാണ്. വലിയ പനി, പനി ഇത്ര വർദ്ധിച്ചു അതിനാൽ അസഭ്യം പുലമ്പുകയാണ്. സ്വന്തം അമ്മയോടു തന്നെ പുലമ്പുകയാണ്. അപ്പോൾ തിരിച്ച് അവന് അസഭ്യം പുലമ്പുന്ന ഏതെങ്കിലും അമ്മയുണ്ടാകുമോ? ചാട്ട കൊണ്ട് അടിക്കുന്ന ഏതെങ്കിലും അമ്മയുണ്ടാ കുമോ? അയ്യോ, എന്റെ കുട്ടി രോഗിയാണ്, എന്റെ കുട്ടി രോഗിയാണ്, ഇവനെ എങ്ങനെ രോഗമുക്തനാക്കും? മൈത്രി ഉണരും, കരുണ ഉണരും. ശരിക്കും ഇതേ പ്രാകാരത്തിൽ എപ്പോൾ വിപശ്യനയുടെ ഉയരത്തിലെത്തുമോ, ധർമ്മ ദർശനത്തിന്റെ ഉയരത്തിൽ എത്തുമോ അപ്പോൾ സ്വന്തം ഉള്ളിൽ എന്താണ് നടക്കുന്നത്, അതും അറിയും. മറ്റുള്ളവരുടെ ഉള്ളിൽ എന്താണ് സംഭവിക്കുന്നത്, ഇതും മനസ്സിലാക്കും എന്നിട്ട് ഇപ്രകാരം മനസ്സിലാക്കി ഏതൊന്നു ചെയ്യുന്നുവോ, നല്ലതേ ചെയ്യുകയുള്ളു. തെറ്റ് ചെയ്യാൻ കഴിയില്ല. സർവ്വാംഗ ദൃഷ്ടി വരുന്നു.

സ്വന്തം ഉള്ളിൽ എന്താണ് നടന്നു കൊണ്ടിരിക്കുന്നത് ഇത് ഏറ്റവും കൂടുതൽ മഹത്വപൂർണ്ണമായത്. അതിനെ ശരിക്കും മനസ്സിലാക്കാൻ സാധിച്ചില്ല എങ്കിൽ ഒന്നും തന്നെ മനസ്സിലാക്കാൻ സാധിക്കില്ല. സ്വന്തം ഉള്ളിൽ എന്താണ് നടക്കുന്നത് ഈ ശരീരം മുഴുവൻ പരമാണുക്കളുടെ സമൂഹമാണ്, ഉത്പന്നമാകുന്നു, നഷ്ടമാകുന്നു, ഉത്പന്നമാകുന്നു നഷ്ടമാകുന്നു. കൂടാതെ ഈ മനസ്സിന്റെ നാലു ഭാഗങ്ങൾ, വിജ്ഞാനം– അറിയുന്ന ജോലി ചെയ്യുന്നു, സംജ്ഞ– മനസ്സിലാക്കി മൂല്യാങ്കണം ചെയ്യുന്ന ജോലി ചെയ്യുന്നു, വേദന– അനുഭവിക്കുന്ന ജോലി ചെയ്യുന്നു, സംസ്കാരം– പ്രതിക്രിയ ചെയ്യുന്ന ജോലി ചെയ്യുന്നു. ശരിക്കും മനസ്സിലാക്കുന്നു. ഈ നാലിനെയും ശരിക്കും മനസ്സിലാക്കണം. വിജ്ഞാനം, സംജ്ഞ, വേദന, സംസ്കാരം വിജ്ഞാനം, സംജ്ഞ, വേദന സംസ്കാരം.

ചില അന്യ പരമ്പരകളിൽ ഇതിനെ പറഞ്ഞു– മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം. പേരുകളിലെന്താണുള്ളത്, ശബ്ദങ്ങളിലെന്താണു ള്ളത്. അറിയുന്ന ജോലി ചെയ്യുന്ന മനസ്സിന്റെ ആ ഭാഗം, കേവലം അറിയുന്ന ജോലി ചെയ്യുന്നു. അതിൽ അല്പം പോലും കർത്താ ഭാവം ഇല്ല, ഭോക്താ ഭാവം ഇല്ല. കേവലം അറിയുകയാണ്. കാതിൽ സംഭവം സംഭവിച്ചു, കേവലം അറിഞ്ഞു. കണ്ണിൽ സംഭവം സംഭവിച്ചു, കേവലം അറിഞ്ഞു. വെറും അറിയൽ, ഇനി അടുത്തത്– സംജ്ഞ, അത് തിരിച്ചറിയുന്ന ജോലി ചെയ്യുന്നു. സ്വന്തം പൂർവ്വ സംസ്കാരങ്ങളുടെ ഏതൊരു സംഗ്രഹമുണ്ടോ, അതിന്റെ വർണ്ണകണ്ണാടി അണിഞ്ഞു കൊണ്ട് തിരിച്ചറിയുന്നു. വളരെ അപകടകരം. കൂടാതെ ആ വർണ്ണകണ്ണാടികളുടെ കാരണത്താൽ ഏതൊരു മൂല്യാങ്കണം നടക്കുന്നോ, അതിനനുസരിച്ച് വേദന ആ പ്രകാരത്തിൽ ആകുന്നു. അതിനാൽ സംസ്കാരം ആ പ്രകാരത്തിലുള്ള പ്രതിക്രിയ ചെയ്ത് കർമ്മ സംസ്കാരം ഉണ്ടാക്കുന്നു. ശരിക്കും മനസ്സിലാകാൻ തുടങ്ങുന്നു.

ഈ സംജ്ഞ വളരെ അപകടകരമാണ്, അതിനെപ്പറ്റി വളരെ ഉണർവ്വോടെ ഇരിക്കണം. എപ്രകാരത്തിലാണ് പ്രതിക്രിയ നടന്നുകൊണ്ടിരി ക്കുന്നത്. ഉള്ളിന്റെ ഉള്ളിൽ ഈ സംജ്ഞ ഏതെങ്കിലും ചിത്രം നിർമ്മിക്കുന്നു, നമ്മൾ പ്രതിക്രിയ ഈ ചിത്രത്തിനോടാണ് ചെയ്യുന്നത്. ഒരു ഉദാഹരണത്താൽ മനസ്സിലാക്കാം. ഏതെങ്കിലും ഒരു ചിത്രകാരൻ, വളരെ കുശല ചിത്രകാരൻ – ക്യാൻവാസിൽ അവൻ ചിത്രം വരച്ചു. വളരെ സുന്ദരം, വളരെ സുന്ദരം എന്നിട്ട് അതിനെ നോക്കി നോക്കി ശരിക്കും ആസക്തനായി, ഈ സുന്ദരമായ വ്യക്തി, എനിക്ക് ഈ സുന്ദരമായ വ്യക്തി വേണം, കാമുകനെപ്പോലെ വ്യാകുലൻ, ജനങ്ങൾ മനസ്സിലാക്കുകയാണ്, ഭ്രാന്തൻ വ്യക്തി, ഇത് നിന്റെ സ്വന്തം കല്പന, നിന്റെ സ്വന്തം പേന, നീ രേഖകൾ വരച്ച് ഈ ചിത്രം പുറത്തു വന്നു എന്നിട്ട് നീ പറയുകയാണ്, എനിക്ക് ഇതു വേണം – ഒരു സംഭവം.

വേറൊരു സംഭവം – അതേ ചിത്രകാരൻ തൂലികകൊണ്ട് രേഖകൾ വരക്കുന്നു – വളരെ ഭയാവകം. ഒരു വ്യക്തിയുടെ അത്തരം ചിത്രം വരച്ചു, വളരെ ഭയം ജനിപ്പിക്കുന്നത്, എന്നിട്ട് അതിനെ നോക്കി നോക്കി വിറക്കാൻ തുടങ്ങുന്നു. അയ്യോ, ഇത് രാക്ഷസനാണ്, ഇത് അസുരനാണ്, എന്നെ തിന്നും. ആരെങ്കിലും രക്ഷിക്കൂ, ആരെങ്കിലും രക്ഷിക്കൂ. ജനങ്ങൾ മനസ്സിലാക്കുകയാണ്, നീ വലിയ ഭ്രാന്തനാണ്. അയ്യോ, നിന്റെ സ്വന്തം കല്പന. കൂടാതെ നിന്റെ സ്വന്തം തൂലികയാൽ നീ ഇതിനെ തയ്യാറാക്കി. നിന്റെ സ്വന്തം രചനയാണ് എന്നാൽ നീ ഇപ്രകാരമാണോ പ്രതിക്രിയ ചെയ്യുന്നത് – ആ ചിത്രകാരനെ ഭ്രാന്തൻ എന്നു വിളിക്കുന്നു, സ്വന്തം ഉള്ളിൽ ഒരിക്കലും നോക്കിയിട്ടില്ല. അത്രതന്നെ

ഭ്രാന്താണ് ഉള്ളിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ സംജ്ഞ അതേ ഭ്രാന്തത്തരമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. പലതരത്തിലുള്ള ചിത്രം വരക്കുന്നു എന്നിട്ട് പിന്നെ പ്രതിക്രിയ ചെയ്യുന്നു മനസ്സിന്റെ സംസ്കാരമാകുന്ന ഭാഗം പ്രതിക്രിയ ചെയ്യുന്നു. ഇതെല്ലാമാണ് നടക്കുന്നത്. ഉള്ളിലെ ബോധം ഉണർന്നിട്ടില്ല, അതിനാൽ ഇതിൽ തന്നെ മുഴുവൻ ജീവിതവും കടന്നുപോകുന്നു.

ഇരുപതു വർഷം മുമ്പ് ഒരു വ്യക്തിയുമായി എന്റേ സമ്പർക്കമുണ്ടായി. അപ്പോൾ അവൻ എന്നെ അസഭ്യം പറഞ്ഞു. സംജ്ഞ പറഞ്ഞു – അസഭ്യമാണ്, വളരെ ചീത്ത. അപ്പോൾ ഉടൻ തന്നെ അവന്റെ ഒരു ചിത്രം നിർമ്മിക്കപ്പെടുന്നു, ഈ വ്യക്തി വളരെ ചീത്ത, വലിയ ദുഷ്ടൻ. ഇരുപതു വർഷം കഴിഞ്ഞു. എപ്പോൾ എപ്പോൾ അവന്റെ ഓർമ്മ വരുന്നോ, അപ്പോൾ വലിയ ദുഷ്ടൻ, വലിയ ദുഷ്ടൻ. ഇരുപതു വർഷത്തിനു ശേഷം ആ വ്യക്തിയെ വീണ്ടും കാണുന്നു. അയ്യോ, ഇരുപതു വർഷത്തിൽ എത്ര ശിഷ്ടനായിത്തീർന്നിരിക്കുമെന്നാർക്കറിയാം. മഹാനായിരിക്കാം ആർക്കറിയാം. എന്നാൽ അയാളെ കണ്ട ഉടനെ സംജ്ഞ വീണ്ടും സ്വന്തം ജോലി ചെയ്യുന്നു, അവൻ, വളരെ ദുഷ്ടൻ, ഭയങ്കര ദുഷ്ടൻ. കൂടാതെ അവനെപ്പറ്റി ഏതൊരു പ്രതിക്രിയ നടക്കുന്നുവോ – ഭയങ്കര ദ്വേഷത്തിന്റെ, ദുർഭാവനയുടെ. ആരെപ്പറ്റിയാണ് ചെയ്തു കൊണ്ടിരിക്കുന്നത്? ആ വ്യക്തിയെപ്പറ്റിയല്ല. ആ വ്യക്തി ഈ സമയത്ത് എപ്രകാരമാണ് എന്ന് നിങ്ങൾക്ക് എന്ത് അറിയാനാണ്? ഇരുപതു വർഷം മുമ്പ് ഏതൊരു ചിത്രം നിർമ്മിച്ചോ, ആ ചിത്രത്തിനോട് നിങ്ങൾ പ്രതിക്രിയ ചെയ്യുകയല്ലെ. അത് നിങ്ങളുടെ കല്പനയാണ്, നിങ്ങളുടെ സ്വന്തം രചനയാണ്.

ശരിക്കും അപ്രകാരം തന്നെ ഒരുദാഹരണം കൂടി. ഇരുപതു വർഷം മുൻപ് ഒരു വ്യക്തിയുമായി കണ്ടുമുട്ടി. അപ്പോൾ അവൻ നമ്മുടെ വലിയ പ്രശംസ ചെയ്തു. വളരെ പ്രശംസിച്ചു. സംജ്ഞ സ്വന്തം ജോലി ചെയ്തു. അവന്റെ രൂപം നിർമ്മിച്ചു. അയ്യോ, ഈ വ്യക്തി എന്തു പറയാനാണ് വലിയ ശിഷ്ടനാണ്, വലിയ മഹാനാണ്, വലിയ ശിഷ്ടൻ, വലിയ മഹാൻ. ഇരുപതു വർഷത്തിനു ശേഷം ആ വ്യക്തിയെ കണ്ടു. അയ്യോ, ഇരുപതു വർഷത്തിൽ എത്ര ദുർജ്ജനമായിരിക്കുമെന്ന് ആർക്കറിയാം. എത്ര മാറിയിരിക്കാം ആരറിയാനാണ്. അവനെ കണ്ട ഉടനെ സംജ്ഞ പറയുന്നു – അവൻ വലിയ മഹാൻ. നിന്റെ സ്വന്തം കല്പന, നിന്റെ സ്വന്തം രചന, നിങ്ങളാൽ നിർമ്മിക്കപ്പെട്ട ചിത്രം എന്നാൽ അതിനെപ്പറ്റിയാണ് നിങ്ങൾ പ്രതിക്രിയ ചെയ്യുന്നത്. ഈ ബോധം എങ്ങനെ ഉണരും.

ഉള്ളിലെ മുഴുവൻ പ്രപഞ്ചത്തെയും കാണാതെ, മനസ്സിലാക്കാതെ ഈ ബോധം ഉണരില്ല. ഈ സംജ്ഞ എപ്രകാരമാണ് ജോലി ചെയ്യുന്നത്, അതിനെ മനസ്സിലാക്കാതെ, നമ്മളാൽ ശരിയായ നിർണ്ണയം സംഭാവ്യമല്ല.

എത്ര വലിയ, എത്ര വലിയ പിശകാണ് ഉള്ളിൽ നടക്കുന്നത് – മറ്റുള്ളവരുടെ ചിത്രം നിർമ്മിക്കുന്നതു പോകട്ടെ, സ്വന്തം ചിത്രവും നിർമ്മിക്കുന്നു. എല്ലാ വ്യക്തിയും ജന്മമെടുക്കുന്നു എന്നിട്ട് ബോധം വരുന്നു, ബോധം വരുന്നോ അതോ പോയോ എന്നറിയില്ല – ലോകഭാഷയിൽ പറയുന്നു – ബോധം വച്ചു. അപ്പോൾ ആദ്യ ജോലി ഇതാണ് ചെയ്യുന്നത് – തന്നെപ്പറ്റി ഒരു ചിത്രം നിർമ്മിക്കുന്നു, സ്വന്തം ഒരു ഇമേജ് നിർമ്മിക്കുന്നു. കൂടാതെ സ്വന്തം മുഖം സ്വയം നിർമ്മിക്കുകയാണെങ്കിൽ വളരെ സുന്ദരം, വളരെ സുന്ദരം. സ്വന്തം മനസ്സാകുന്ന അമ്പലത്തിൽ സ്ഥാപിക്കുന്നു എന്നിട്ട് അതിനെപ്പറ്റി വളരെ ആസക്തനാകുന്നു.

ഇതു മാത്രമല്ല ചെയ്യുന്നത്, ഒരു പ്രവർത്തികൂടി ചെയ്യുന്നു. സ്വന്തം ആ സുന്ദരമായ ഇമേജ്, സ്വന്തം ആ സുന്ദരമായ ചിത്രം മറ്റുള്ളവരുടെ മാനസത്തിലും സ്ഥാപിക്കുന്നതിന് പ്രയത്നിക്കുന്നു – ഭിന്നഭിന്ന പ്രകാരത്തിൽ, ജനങ്ങളുടെ മനസ്സിൽ എന്റെ ഏറ്റവും നല്ല ഇമേജ് സ്ഥാപിതമാകണം. ഏറ്റവും നല്ല ഇമേജ് സ്ഥാപിതമാകണം, പാവം ഇതിനായി എത്ര നാടകം ചെയ്യുന്നു, എത്ര പുറമൂടി ചെയ്യുന്നു? ഏറ്റവും നല്ല ഇമേജ് ജനങ്ങളുടെ മനസ്സിൽ സ്ഥാപിക്കപ്പെടണം. എന്നിട്ട് പിന്നെ വളരെ ആസക്തനാകുന്നു. ആ ഓരോ ഇമേജിനോടും വളരെ ആസക്തനാകുന്നു, എന്റെ ഇമേജ്, എന്റെ ഇമേജ് – ഇത് തന്നെയാണ് നടക്കുന്നത്. വീണ്ടും ഇമേജ് നിർമ്മിക്കുന്നു – ഇത് എന്റെ പുത്രൻ, ഇത് എന്റെ പത്നി, ഇത് എന്റെ ഭർത്താവ്, ഇത് എന്റെ ഇന്നയാൾ, ഇത് എന്റെ ഇന്നയാൾ, എന്റെ ആണെങ്കിൽ ആ ഇമേജ് വളരെ സുന്ദരം, വളരെ സുന്ദര ഇമേജ്. കൂടാതെ അതിനെപ്പറ്റി ആസക്തി, ഇത് എന്റെ പുത്രനാണ്, ഇത് എന്റെ പത്നിയാണ്, ഇത് എന്റെ ഭർത്താവാണ്, ഇത് എന്റെ ഇന്നയാളാണ്, ഇന്നയാളാണ്. തന്നെത്താൻ നിർമ്മിക്കപ്പെട്ട ചിത്രം, സ്വന്തം രചന, സ്വന്തം കല്പന മാത്രമല്ല അതിനോട് ആഴത്തിലുള്ള ആസക്തി, ആഴത്തിലുള്ള ആസക്തി.

നമ്മൾ പ്രതിക്രിയ ആരെപ്പറ്റിയാണ് ചെയ്തുകൊണ്ടിരിക്കുന്നത് ബോധം വരുന്നില്ല. സ്വന്തം തന്നെ കല്പനകളോട്, സ്വന്തം തന്നെ രചനകളോട് – ഒരു വ്യക്തി പറയുകയാണ് ഞാൻ എന്ത് ചെയ്യാനാണ്, അവനെ എപ്പോൾ കണ്ടാലും, കണ്ട ഉടനെ എന്റെ ഉള്ളിൽ ക്രോധം തിളക്കാൻ തുടങ്ങുന്നു. ഞാൻ എന്തു ചെയ്യാനാണ്. ഓ, അതിന്റെ അർത്ഥം അവന്റെ ബയോകെമിസ്ട്രിറി ഏതൊന്നുണ്ടോ, അവന്റെ ഏതൊരു ജീവ രസായനമുണ്ടോ അത് നിങ്ങളുടെ ഉള്ളിൽ ക്രോധം ഉണർത്തുന്ന തരത്തിലുള്ളതാണ്. എങ്കിൽ അത്തരം രസായനമാണ് അവന്റെയെങ്കിൽ എല്ലാവരടെയും ഉള്ളിൽ ക്രോധം ഉണർത്തണ്ടതല്ലെ? ആ വ്യക്തിയെ ഞാൻ നോക്കുന്നു, എനിക്ക് ഒരു പക്ഷേ ക്രോധം ഉണരുമായിരിക്കും, ഏതെങ്കിലും വേറെ ആൾക്കാർ നോക്കുന്നു, ഒരു പക്ഷേ അവന് സ്നേഹം ഉണരുമായിരിക്കും. മൂന്നാമത്തെവൻ നോക്കുന്നു, ആ വ്യക്തിക്ക് ആ സമയത്ത്, അവനോട് വാത്സല്യം ഉണരുമായിരിക്കും. ചിലർക്ക് കാമവാസന ഉണരുമായിരിക്കും, ചിലർക്ക് ഭയം ഉണരു മായിരിക്കും. എല്ലാവർക്കും വേറെവേറെ പ്രതിക്രിയ. എന്തുകൊണ്ട്?

വേറെ വേറെ ജനങ്ങൾ സ്വന്തം മനസ്സിൽ ആ വ്യക്തിയുടെ വേറെവേറെ ചിത്രമാണ് നിർമ്മി ച്ചുവച്ചിരിക്കുന്നത്. അതിനാൽ ആര് എത്തരം ചിത്രം നിർമ്മച്ചുവോ, അവൻ അത്തരം പ്രതിക്രിയ ചെയ്യുന്നു. ഇത്, എങ്ങനെ മനസ്സിലാകും. ഉള്ളിൽ സത്യത്തിന്റെ ദർശനം ചെയ്ത് – ഈ വിഭാജനം,

വിഘടനം ചെയ്തു ചെയ്തു സത്യത്തിന്റെ ദർശനം ചെയ്യിക്കുന്നു. വിപശ്യന ചെയ്യാതെ ഇതു മുഴുവൻ എങ്ങനെ മനസ്സിലാകാനാണ്? ബുദ്ധിയുടെ തലത്തിൽ ആയിരം മനസ്സലാക്കുമായിരിക്കും, വാസ്തവികത മനസ്സിലാകില്ല.

ഒരേ വ്യക്തിയെ അഞ്ച് ആൾക്കാർ നോക്കുകയാണ്, അഞ്ചു തരത്തിലുള്ള പ്രതിക്രിയ ചെയ്യുകയാണ്. ഒരു സംഭവത്തെ ഒരേ വ്യക്തി, അഞ്ചു പ്രാവശ്യം ആ സംഭവുമായി സമ്പർക്കത്തിലാകുന്നു എന്നാൽ അഞ്ചു തരത്തിലുള്ള പ്രതിക്രിയ ചെയ്യുകയാണ്. ഒരേ ശബ്ദം ഞാൻ അഞ്ചു പ്രാവശ്യം കേട്ടു അപ്പോൾ എന്നിൽ അഞ്ചു തരത്തിലുള്ള പ്രതിക്രിയ ഉണ്ടായി. വിപശ്യന ചെയ്യുകയാണെങ്കിൽ ശരിക്കും മനസ്സിലാകും. ഒരുദാഹരണം, വൈകുന്നേരത്തെ സമയമാണ്. അല്പം മൂടൽമഞ്ഞുണ്ട്, ഇരുട്ടുപോലെയുണ്ട്, അപ്പോൾ ഞാൻ എന്റെ നാല് അഞ്ച് സാധകരോടൊപ്പം ഫുട്ട്പാത്തിൽ നടക്കുകയാണ്. ആ ഇരുട്ടിൽ ആരും ശ്രദ്ധിച്ചില്ല, ഫുട്ട്പാത്തിൽ ഒരു വ്യക്തി കിടക്കുകയാണ്. ഏതൊ ഒരു സാധകന്റെ കാല് അയാളുടെ മേൽ തട്ടി, അപ്പോൾ അവൻ അലറി – കുരുടനാണോ, നിനക്ക് മനസ്സിലാകുന്നില്ലെ. കുരുടനാണോ, നിനക്ക് മനസ്സിലാകുന്നില്ലെ. ഈ ശബ്ദം കാതിൽ പെട്ടു, സാധകനാണെങ്കിൽ ഉള്ളിൽ നോക്കും, ഈ ശബ്ദം കാതിൽ പെട്ടു, ഉള്ളിൽ ഒരു ഇക്കിളിപോലെ ഉണ്ടായി. അയ്യോ, അത് അസഭ്യശബ്ദമാണ് എന്നാൽ എന്റെ ഉള്ളിൽ ഇക്കിളി ഉണ്ടായി. ഒരു സംഭവം സംഭവിച്ചു.

രണ്ടാമത്തെ സംഭവം. വിഷയത്തെ മനസ്സിലാക്കിക്കുന്നതിനായി, കേവലം ഉദാഹരണമാണ്. രണ്ടാമത്തെ പ്രാവശ്യം ഞാൻ ഒറ്റക്ക് പോകുകയാണ് അപ്പോൾ എന്റെ തന്നെ കാലു തട്ടി. ആ വ്യക്തി അതേ തരത്തിൽ അലറി, കുരുടനാണോ, മനസ്സിലാകുന്നില്ലെ. ഈ ശബ്ദം കാതിൽപ്പെട്ടു. ഇപ്പോൾ നോക്കുകയാണ്, ഇക്കിളിയില്ല. ഇപ്പോൾ വലിയ വ്യാകുലതയാണ്, വലിയ വേദനയാണ്. കുരുടനാണോ, മനസ്സിലാകുന്നില്ലെ. ശബ്ദമാകട്ടെ പഴയതുപോലെതന്നെ. വലിയ വേദനയാണ് അനുഭവപ്പെടുന്നത്.

മൂന്നാമത്തെ സംഭവം, വീണ്ടും സ്വന്തം രണ്ടു നാലു സാധകരുടെ ഒപ്പം പോകുകയാണ്. ഞാൻ തന്നെ ചവിട്ടി. അപ്പോൾ അവൻ വീണ്ടും അലറി, കുരുടനാണോ, മനസ്സിലാകുന്നില്ലെ. ശബ്ദം പഴയതുതന്നെ. ഇപ്പോഴും വേദന ഉണർന്നു, അയ്യോ, ഇപ്പോഴാകട്ടെ കൂടുതൽ വേദന ഉണർന്നു. രണ്ടാമത്തെ ഏതൊരു വേദന ഉണർന്നുവോ, അതിലും വളരെ അധികം ഉണർന്നു. ഇത് മൂന്നാമത്തെ സംഭവം ആയി.

നാലാമത്തെ സംഭവം, വീണ്ടും അതേപ്രകാരം പോകുകയാണ്, വീണ്ടും ഒറ്റക്ക് പോകുകയാണ്. മേലെ തട്ടി. ആ വ്യക്തി അലറി. നിലവിളിച്ചു– കുരുടനാണോ, മനസ്സിലാകുന്നില്ലെ, ഇത്രയായപ്പോൾ ധ്വനി പരിചയമുള്ളതുപോലെ തോന്നി. അയ്യോ, ഇത് എന്റെ പുത്രനാണ്. എന്റെ പുത്രൻ എന്നോടു പറയുകയാണ്, കുരുടനാണോ, മനസ്സിലാകുന്നില്ലെ. അയ്യോ, ഇപ്പോൾ ദുഃഖത്തിന്റെ അളവില്ലാതായി. ഇത്ര വേദന, ഇത്ര വേദന. ഒരു സംഭവം സംഭവിച്ചു.

ഇനി ഈ അഞ്ചാമത്തെ സംഭവം. വീണ്ടും പോകുകയാണ്. എന്റെ അഞ്ച് ഏഴ് സാധകർ എന്റെ ഒപ്പമുണ്ട്, ഞാൻ തന്നെ ചവിട്ടി, ആ വ്യക്തി അതേപോലെതന്നെ അലറി, കുരുടനാണോ, മനസ്സിലാകുന്നില്ലെ. പഴയ അതേ ശബ്ദം. ഇപ്പോഴുള്ള വേദനക്ക് അളവേ ഇല്ല. എത്ര വേദന, എത്ര വേദന. എന്തുപ്പറ്റി സഹോദരാ ആദ്യതവണയാകട്ടെ ഇക്കിളിയായി, രണ്ടാമത്തെ തവണ അല്പം വേദനയായി, മൂന്നാമത്തെ തവണ കൂടുതൽ വേദനയായി, നാലാമത്തെ തവണ കൂടുതൽ അധികം വേദന ആയി കൂടാതെ അഞ്ചാമത്തെ തവണ വളരെ കൂടുതൽ വേദന ഉണ്ടായി.

അതിനാൽ സ്വന്തം ഉള്ളിൽ വിഘടനം ചെയ്തു ചെയ്ത്, വിഭാജനം ചെയ്തു ചെയ്ത്, വിശ്ളേഷണം ചെയ്തു ചെയ്ത് നോക്കുന്നു, എന്തുപ്പറ്റി? ഇങ്ങനെ എന്തുകൊണ്ടായി? ആദ്യ തവണ ഇക്കിളിപോലെ എന്തുകൊണ്ടായി? അസഭ്യം കേട്ടു കുരുടനാണോ, മനസ്സിലാകുന്നില്ലെ. ഇത്രയായപ്പോൾ സംജ്ഞ പറയുകയാണ്, ഈ അസഭ്യം നിനക്കല്ല, നിന്റെ സാധകർക്കാണ്. നല്ല കര്യം, ഈ സാധകൻ തെറ്റു ചെയ്തു. അയ്യോ, ഞാൻ എത്ര പഠിപ്പിക്കുകയാണ്, ബോധത്തോടെ നടക്കുക, ബോധത്തോടെ നടക്കുക, ബോധത്തോടെ എല്ലാ ജോലിയും ചെയ്യുക. ബോധത്തോടെ ചെയ്തില്ല അതിനാൽ ചവിട്ടി. ചവിട്ടിയതിനാൽ അസഭ്യം കേൾക്കേണ്ടി വന്നു. ഞാൻ വിപശ്യനയുടെ മഹാൻ ആചാര്യനാണ്, ഞാൻ ഇത്തരം തെറ്റ് എങ്ങനെ ചെയ്യാനാണ്. അതിനാൽ തന്നെപ്പറ്റി സ്വന്തം ഏതൊരു ഇമേജ് ഉണ്ടാക്കിയോ സ്വന്തം മനസ്സാകുന്ന മന്ദിരത്തിൽ സ്ഥാപിച്ചുവോ, അതിൽ അല്പംകൂടി വർണ്ണവും നിറവും വന്നു. കൂടുതൽ തിളക്കം വന്നു. ഞാൻ, എന്നെപ്പറ്റി പറയാനെന്തുണ്ട്. ഞാൻ... ഇവർ ഇപ്പോൾ കുട്ടികളാണ്, പുതിയവരാണ്, ഇപ്പോൾ വിപശ്യനയിൽ പാകമായിട്ടില്ല, അതിനാൽ ഇത്തരം തെറ്റു ചെയ്യുന്നു. ഇക്കിളി വന്നു.

രണ്ടാമത്തെ തവണ അസഭ്യം മുമ്പിലേതുപോലെ തന്ന. ഇപ്പോൾ സംജ്ഞ പറയുകയാണ്, ഈ അസഭ്യം നിങ്ങൾക്കാണ് തന്നത്. അസഭ്യം എനിക്കോ? അയ്യോ, ഇത്ര വലിയ വിപശ്യനയുടെ മഹാനായ ആചാര്യനെ അസഭ്യം പറയുന്നോ – കുരുടനാണോ... എന്തായി, കാലുതട്ടിയാൽ എന്തായി? നിന്റെ രക്തം വന്നോ? നീ മരിച്ചോ? എന്തുപ്പറ്റി സഹോദരാ, അസഭ്യം പഴയതുതന്നെ, ശബ്ദം പഴയതുതന്നെയല്ലെ? അയ്യോ, ഇപ്പോൾ മനസ്സാകുന്ന അമ്പലത്തിൽ ഞാൻ എന്റെ സ്വന്തം ചിത്രം നിർമ്മിച്ചിരുന്നു, ഞാൻ, ഞാൻ ഗോയങ്ക, ഇങ്ങനെയുള്ള ഗോയങ്ക, വിപശ്യനയുടെ മഹാൻ ആചാര്യൻ, മഹാൻ ആചാര്യൻ, അദ്ദേഹത്തെ അസഭ്യം പറയുന്നു. അപ്പോൾ ആ ചിത്രം ഭഞ്ജിതമായില്ലെ! വലിയ വേദനയായി, വലിയ വേദനയായി.

മൂന്നാമത്തെ തവണ സ്വന്തം സാധകരോടൊപ്പം പോകുകയാണ്. അപ്പോൾ അതേ അസഭ്യം കേട്ടു. അപ്പോൾ കൂടുതൽ വേദന എന്തുകൊണ്ടായി? സ്വന്തം ചിത്രം ഈ അഞ്ചു സാധകരുടെ മനസ്സിൽ സ്ഥാപിച്ചിരുന്നു, ഗോയങ്ക ഇത്തരം മഹാൻ ആചാര്യൻ, ഇങ്ങനെയാണ്, ഇങ്ങനെയാണ്. ഇപ്പോൾ ആരോ അസഭ്യം പറഞ്ഞു

– ആ അഞ്ചു പേരുടെയും മുന്നിൽ അസഭ്യം വിളിച്ചു. അപ്പോൾ ആ അഞ്ചു പേരുടെയും മനസ്സിൽ ഞാൻ ഏതൊരു ഇമേജ് സ്ഥാപിച്ചിരുന്നോ, അത് ഭംജിതമായി. ഇപ്പോൾ അവർ അറിഞ്ഞു എന്ത് ആചാര്യനാണ് – ഞങ്ങളോട് പറയുന്നു ബോധപൂർവ്വം നടക്കൂ, ബോധപൂർവ്വം നടക്കൂ – എന്നാൽ സ്വയം ബോധപൂർവ്വം നടക്കുന്നില്ല. നോക്കൂ, ഇതിനാൽ അസഭ്യം കേട്ടു. അയ്യോ, ഇത്ര ബുദ്ധിമുട്ടിയിട്ടാണ് ഇമേജ് ഇവരുടെ മനസ്സിൽ സ്ഥാപിച്ചത്. ആ മുഴുവൻ ഇമേജിനെപ്പറ്റി എത്ര ആസക്തിയാണ്. ആരെങ്കിലും ഒറ്റക്കിരിക്കുമ്പോൾ എന്നെ അസഭ്യം പറയട്ടെ, ഇത്ര ചീത്തയായി തോന്നില്ല. അയ്യോ, നൂറ് ആൾക്കാർക്കിടയിൽ, സഭയിൽ എന്നെ അസഭ്യം വിളിക്കുന്നോ – വളരെ വേദനയുണ്ടാകുന്നു. എന്തു വ്യത്യാസം സഹോദരാ, അസഭ്യം അസഭ്യമാണ്. ഈ സഭയിൽ തന്നു എങ്കിൽ എന്തുപറ്റി? അയ്യോ, ഒരുപാടായി ഇത്ര ജനങ്ങളുടെ മനസ്സിൽ എന്റെ ഏതൊരു ഇമേജുണ്ടായിരുന്നോ, അത് ഭഞ്ജിക്കപ്പെട്ടു. എന്റെ ഇമേജ് ഭഞ്ജിക്കപ്പെട്ടു! ഇത്ര ആസക്തി, ഇത്ര ആസക്തി.

നാലാമത്തെ തവണ എന്തായി? അപ്പോൾ ഇത് മനസ്സിലായി, സംജ്ഞ പറയുന്നു, ഇത് നിന്റെ പുത്രനാണ്. എന്റെ പുത്രൻ എന്നെ അസഭ്യം വിളിക്കുന്നു. അയ്യോ, കുട്ടിക്കാലം മുതൽ അവന്റെ ഒരു ചിത്രം നിർമ്മിച്ചു. എന്റെ പുത്രൻ വലുതാകും, ഇങ്ങനെയാകും, ഇത്ര ധർമ്മവാനാകും. എന്റെ സേവ ചെയ്യും. ഇത്ര ആജ്ഞാകാരി ആകും എന്നാൽ അവൻ എന്നെ അസഭ്യം വിളിക്കുന്നോ – പറയുന്നു, കുരുടനാണോ. ഒന്ന്, ഇത്ര വലിയ ചിത്രം ഭഞ്ജിതമായി. വളരെ വ്യാകുലനായി. വളരെ വ്യകുലനായി.

അഞ്ചാമത്തെ തവണ കൂടുതൽ അധികം വ്യാകുലൻ എന്തുകൊണ്ടായി. വ്യക്തി ഒരു മണ്ടത്തരം ചെയ്യാറുണ്ട്. ആരെയെങ്കിലും എന്റെ എന്നു വിളിക്കുന്നു, എന്റെ എന്നു വിളിക്കുന്നു. എന്റെ പുത്രൻ, എന്റെ പുത്രി, എന്റെ ഇന്നയാൾ, എന്റെ ഇന്നയാൾ. അവരിൽ കുറവ് ഉണ്ട് എങ്കിൽ കൂടി മറ്റുള്ളവരുടെ മുന്നിൽ അവന്റെ ഇത്തരം ഇമേജ് തയ്യാറാക്കുന്നു, അയ്യോ, വലിയ ധർമ്മിഷ്ടൻ, വലിയ ധർമ്മവാൻ. അപ്പോൾ അവന്റെ ഇമേജ് എത്ര ജനങ്ങളുടെ മനസ്സിൽ സ്ഥാപിച്ചിരുന്നു. ഇപ്പോൾ ആകട്ടെ അവർ കണ്ടു –. ഇത് വിപശ്യനയുടെ ആചാര്യന്റെ പുത്രനാണ് എന്നിട്ട് ഇദ്ദേഹത്തെ അസഭ്യം പറയുന്നു, സ്വന്തം പിതാവിനെ. അയ്യോ, ഇത് എന്തു പുത്രനാണ്? അപ്പോൾ ഞാൻ ഈ ചിത്രം അനേകം പേരുടെ മനസ്സിൽ സ്ഥാപിച്ചിരുന്നു, ഇപ്പോൾ അത് മുറിഞ്ഞു. വളരെ വ്യാകുലൻ, വളരെ വ്യാകുലൻ. അയ്യോ, ഇമേജുകൾ ഉണ്ടാക്കുന്നു, ചിത്രങ്ങൾ ഉണ്ടാക്കുന്നു, വ്യാകുലനാകുന്നു.

അമ്മക്ക് പുത്രൻ ജനിച്ചു. അപ്പോൾ സ്വപ്നം കാണാൻ തുടങ്ങി, ഇരുപത്തിഅഞ്ചു വർഷത്തിനു ശേഷം അവൻ കുതിരപ്പുറത്തു കയറിപോകും എന്നിട്ട് സ്വന്തം ഒരു ചെറിയ മരുമകളെയും കൂട്ടിക്കൊണ്ടു വരും. ഇത്ര സുന്ദരി, ഇത്ര സുന്ദരി. ഇത്ര ആജ്ഞാ പാലിക്കുന്നവൾ. ഇരുപത്തി അഞ്ചുവർഷത്തിനു ശേഷം മരുമകൾ വന്നു എന്നിട്ട് ചൂലുകൊണ്ടാണ് സംസാരിക്കുന്നത്. കുടുമക്കു പിടിച്ചാണ് സംസാരിക്കുന്നത്. അതിനാൽ പാവം കരഞ്ഞു. അവളുടെ ചിത്രം ഉണ്ടാക്കിയിരുന്നു. അത് ഭഞ്ജിക്കപ്പെട്ടു. എന്നാൽ ആ മരുമകൾ കുട്ടിക്കാലം മുതൽ ചിത്രം നിർമ്മിക്കുകയാണ്, വിവാഹം ആകും, മറ്റ് ഏതെങ്കിലും വീട്ടിൽ പോകും, അവിടെ ഒരു അമ്മ കിട്ടും, ഇത്ര സ്നേഹവതി. ഇത്ര സന്ഹം തരുന്നവൾ, എന്നാൽ ഇവിടെ അമ്മ ഇത്തരത്തിൽ കിട്ടി. അസഭ്യം വിളിച്ചാണ് സംസാരിക്കുന്നത്. അതിനാൽ ചിത്രം ഭഞ്ജിതമായി. കരഞ്ഞു കൊണ്ടുതന്നെ പോകുന്നു, വ്യാകുലയായി ക്കൊണ്ടിരിക്കുന്നു.

അയ്യോ സഹോദരാ, ഉത്തരവാദി ആരാണ് – നമ്മൾ സ്വയം കല്പന ചെയ്യുന്നു, സ്വയം ചിത്രങ്ങൾ രചിക്കുന്നു എന്നിട്ട് പ്രതിക്രിയ ചെയ്യുന്നു. ആസക്തരാകുന്നു, വ്യാകുലരാകുന്നു. ധർമ്മത്തിന്റെ ഈ മുഴുവൻ രഹസ്യവും മനസ്സിലാകണം. അനുഭൂതികളാൽ ആകണം. ഈ പ്രവചങ്ങളാൽ കാര്യം നടക്കില്ല. അനുഭൂതികളാൽ മനസ്സിലായാൽ വ്യക്തി മാറിക്കൊണ്ടു പോകും. മാറിക്കൊണ്ടു പോകും, വ്യാകുലതക്കു പുറത്ത് വന്നു കൊണ്ടു പോകും. അപ്പോൾ ഇത്ര സുഖം, ഇത്ര ശാന്തി. ധർമ്മത്തിൽ സുഖം തന്നെ സുഖം, ശാന്തി തന്നെ ശാന്തി, ധർമ്മത്തിൽ മംഗളം തന്നെ മംഗളം, നന്മ തന്നെ നന്മ. സ്വസ്ഥി തന്നെ സ്വസ്ഥി, മുക്തി തന്നെ മുക്തി.